**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3779** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016 അനുസരിച്ച് ഭിന്നശേഷി വിഭാഗങ്ങൾക്ക് പി.എസ്.സി. നിയമനത്തിൽ നാല് ശതമാനം സംവരണം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഭിന്നശേഷി വിഭാഗങ്ങൾക്ക് പി.എസ്.സി. നിയമനത്തിൽ നാല് ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടു 31.10.2019-ലെ 12/2019/ സാ.നീ.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കെ എസ് ആൻഡ് എസ് എസ് ആർ ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി ചേർന്ന് പരിശോധിച്ച് വരുന്നു. |
| (ബി) | ഭിന്നശേഷി സംവരണം നിലവിൽ ഹൊറിസോണ്ടലായാണോ വെർട്ടിക്കലായാണോ നടപ്പാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഭിന്നശേഷി വിഭാഗങ്ങൾക്ക് നിയമനശിപാർശകൾ നൽകുന്നതിന് Horizontal സംവരണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. ആദ്യം Vertical reservation ൽ (സാമുദായിക സംവരണം/മെരിറ്റ്) ഇവർ ഉൾപ്പെട്ടുമെങ്കിൽ പരിഗണിച്ചതിന് ശേഷമാണ് Horizontal Reservation നൽകുന്നത്. ഭിന്നശേഷി സംവരണത്തിനായി സർക്കാർ identify ചെയ്തിട്ടുള്ള തസ്തികയ്ക്ക് ലഭിക്കുന്ന ഫ്രഷ് ഒഴിവുകൾക്ക് ക്രമനമ്പർ നൽകി ആയതിൽ ക്രമനമ്പർ 1 Low Vision- നും 34 Hearing Impairment നും 67 Locomotor Disability/Cerebral Palsy യ്ക്കും സംവരണം ചെയ്യുന്നു. ഇതിൽ ഏതെങ്കിലും ഒരു വിഭാഗം റാങ്ക് പട്ടികയിൽ ലഭ്യമാകാതെ വന്നാൽ പ്രസ്തുത ഒഴിവ് തസ്തികയുടെ അടുത്ത റാങ്ക് ലിസ്റ്റിൽ നിന്ന് നികത്താൻ വേണ്ടി മാറ്റി വയ്ക്കുന്നതാണ്. അടുത്ത റാങ്ക് പട്ടികയിൽ നിന്ന് മാറ്റി വച്ച വിഭാഗത്തിലെ ഉദ്യോഗാർത്ഥിയെ ലഭ്യമാണെങ്കിൽ ആ വിഭാഗത്തിന് നൽകുകയും, അല്ലാത്ത പക്ഷം ഭിന്നശേഷിക്കാരിലെ മറ്റ് വിഭാഗക്കാരെക്കൊണ്ട് നികത്തുകയും ചെയ്യുന്നു. ഭിന്നശേഷിക്കാരിലെ ഒരു വിഭാഗവും റാങ്ക് ലിസ്റ്റിൽ ഇല്ലാത്ത പക്ഷം മാത്രം പ്രസ്തുത ഒഴിവ് പൊതുവിഭാഗത്തിന് നൽകി ക്രമീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ